പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.308 — 3.2.2020 ൽ മറുപടിയ്ക്ക്

## മാനസിക വൈകല്യം അനുഭവിക്കുന്നവർക്കായുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.സത്യൻ | കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) മാനസിക രോഗമനുഭവിക്കുന്നവർക്കായി കൗൺസിലിംഗ് നടത്തുന്നതിന് സാമൂഹ്യനീതി വകുപ്പ് നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) മാനസിക രോഗമനുഭവിക്കുന്നവർക്കായി കൗൺസിലിംഗ് നടത്തുന്നതിന് സാമൂഹ്യനീതിവകുപ്പ്, നിലവിൽ സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സ്കീം പ്രകാരം സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകൾക്ക് ഒരു സൈക്ക്യാട്രിസ്റ്റിന്റെയും സൈക്ക്യാട്രിക്ക് സോഷ്യൽ വർക്കറുടെയും സേവനം ലഭ്യമാക്കുന്നുണ്ട് . ഇത്തരത്തിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള 126 സൈക്കോ സോഷ്യൽ സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്നു .കൂടാതെ ആരും ഏറ്റെടുക്കാനില്ലാത്ത മാനസികരോഗം ഭേദമായവരെയും രോഗം നിയന്ത്രണ വിധേയമായവരെയും വകുപ്പിന്റെ കീഴിലുള്ള 6 ആശാ ഭവനുകളിൽ താമസിപ്പിക്കുന്നുണ്ട് . ഈ സ്ഥാപനങ്ങളിലെ താമസക്കാർക്കും കൗൺസിലിംഗ്, മറ്റ് തെറാപ്പി സേവനങ്ങൾ എന്നിവ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് . |
| (ബി) മാനസിക സമ്മർദ്ദത്തിന്റെ ഭാഗമായി വിഷാദരോഗം, ആത്മഹത്യാ പ്രവണത, പെരുമാറ്റ വൈകല്യങ്ങൾ എന്നിവ കണ്ടെത്താൻ അംഗൻവാടി വർക്കർമാരുടെ സർവ്വേയിൽ സംവിധാനമുണ്ടോ; | (ബി) ഇല്ല . |
| (സി) ഇത്തരം വൈകല്യങ്ങൾ ഉള്ളവർക്ക് ആശ്വാസമേകാൻ എന്തു പദ്ധതിയാണ് നടപ്പിലാക്കുന്നത്; എങ്കിൽ ഇത് വിജയകരമാണോയെന്ന് വിശദമാക്കുമോ? | (സി) തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ ചികിത്സയിൽ കഴിയുന്നവർക്ക് ചികിത്സയുടെ ഭാഗമായി നിശ്ചിത സമയങ്ങളിൽ രോഗിയുടെ കുടുംബാംഗങ്ങൾക്ക് കൂടി താമസിക്കുവാൻ സൗകര്യം ചെയ്യുന്നതിനായി 'ഫാമിലി ഷോർട്ട് സ്റ്റേ ഹോം ' കേരള സാമൂഹ്യസുരക്ഷാമിഷൻ വഴി |

| | |
|---|---|
| | നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് . പദ്ധതി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ, ആരോഗ്യ വകുപ്പിൻ കീഴിലുള്ള സമ്പൂർണ്ണ മാനസികാരോഗ്യ പരിപാടി വഴി മാനസിക പ്രശ്നങ്ങളും, വൈകല്യങ്ങളും ഉള്ളവരെ കണ്ടെത്തി പുനരധിവാസം ഉൾപ്പെടെയുള്ള ചികിത്സ അതത് പ്രദേശങ്ങളിൽ തന്നെ ലഭ്യമാക്കുന്നു . അടുത്ത സാമ്പത്തിക വർഷത്തോട് കൂടി സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതി സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത്. കൂടാതെ സംസ്ഥാനത്തെ 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 'ആശ്വാസം' എന്ന പേരിൽ വിഷാദ രോഗ ക്ലിനിക്കുകളും, ആത്മഹത്യാനിരക്ക് കുറക്കുന്നത് ലക്ഷ്യമാക്കി ആത്മഹത്യാ പ്രതിരോധ പദ്ധതിയും വിജയകരമായി നടപ്പിലാക്കി വരുന്നു. |

Jasmin Thomas

സെക്ഷൻ ഓഫീസർ